# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 679 — 28.02.2018-ൽ മറുപടിയ്ക്ക്

## വനമേഖലയെ ആശ്രയിച്ച് കഴിയുന്ന വിഭാഗങ്ങൾക്ക് ഉപജീവനമാർഗ്ഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.എം. വിൻസെന്റ്** | | അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) | **വനമേഖലയെ ആശ്രയിച്ച് കഴിയുന്ന വിഭാഗങ്ങൾക്ക് സുസ്ഥിരമായ ഉപജീവനമാർഗ്ഗം ലഭ്യമാക്കാൻ എന്തൊക്കെ പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിരിക്കുന്നത്;** | എ) | വനത്തെ ആശ്രയിച്ച് കഴിയുന്ന സമൂഹങ്ങൾ അംഗങ്ങളായ വനസംരക്ഷണ സമിതികൾ / ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവ മുഖാന്തിരം നടത്തുന്ന ചെറുകിട വനവിഭവ ശേഖരണം , വിപണനം എന്നിവയ്ക്കായി വനം വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള വനശ്രീ പദ്ധതി വഴിയും , വനാശ്രിത സമൂഹത്തിന്റെ ഉന്നമനത്തിനായി നടപ്പാക്കുന്ന ഇക്കോ ടൂറിസം പദ്ധതികൾ വഴിയും , വനാശ്രിത സമൂഹത്തിലെ യുവതീ - യുവാക്കൾക്ക് സുസ്ഥിര വരുമാനം ലഭിക്കുന്നുണ്ട് . അതുപോലെ കേന്ദ്ര – സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെയുള്ള വിവിധ വനസംരക്ഷണ – വനപരിപാലന പദ്ധതികൾ ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിത സമൂഹത്തിലെ അംഗങ്ങളുടെ പങ്കാളിത്തത്തോടെയാണ് നടപ്പാക്കുന്നത് . ഈ പദ്ധതികൾ വഴിയും കൂടുതൽ തൊഴിലവസരങ്ങളും , ക്ഷേമപ്രവർത്തനങ്ങളും വനാശ്രിത സമൂഹത്തിന് ലഭിക്കുന്നുണ്ട്. |
| ബി) | **തടി ഇതര വന ഉത്പന്നങ്ങളുടെ വിപണനത്തിനായി പ്രത്യേക പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ?** | ബി) | പങ്കാളിത്ത വനപരിപാലന സ്ഥാപനങ്ങളായ വന സംരക്ഷണ സമിതികൾ . ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയുടെ ഉദ്ദേശ്യങ്ങളായ ജനപങ്കാളിത്തത്തോടെയുള്ള ജൈവ വൈവിധ്യ പരിപാലനവും അതുവഴി വനാശ്രിത സമൂഹത്തിന്റെ ജീവനോപാധി വർദ്ധിപ്പിക്കലും ലക്ഷ്യമിട്ട് വനവിഭവ ശേഖരണ, സംഭരണ , വിപണനത്തിനായി 'വനശ്രീ' എന്ന പദ്ധതി വനം വകുപ്പ് |

ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. വനങ്ങളിൽ നിന്നും ആദിവാസികൾ ശേഖരിക്കുന്ന തടിയിതര വനവിഭവങ്ങൾ മൂല്യ വർദ്ധനവ് നടത്തി ,പൂർണമായും ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് നേരിട്ട് വിൽപ്പന നടത്തി പരമാവധി പ്രയോജനം വനാശ്രിത സമൂഹത്തിന് തന്നെ ലഭിക്കത്തക്ക രീതിയിലാണ് 'വനശ്രീ' വിഭാവനം ചെയ്തിട്ടുള്ളത് . നിലവിൽ സംസ്ഥാനത്ത് വിവിധ വനവികാസ ഏജൻസികളുടെ മേൽനോട്ടത്തിൽ രണ്ട് മൊബൈൽ യൂണിറ്റുകൾ ഉൾപ്പെടെ 37 വനശ്രീ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ടി യൂണിറ്റുകൾ വഴി ഏകദേശം രണ്ടര കോടിയോളം രൂപയുടെ വാർഷിക വിറ്റുവരവ് ലഭിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**